


# ചിറകുകൾ ഡിജിറ്റൽ മാഗസിൻ



# VHSS MUTHUKULAM

MESSAGE

Dear editor,

*I am very pleased to know that the Little Kite unit of the school is releasing a degital magazine "CHIRAKUKAL".hope that this will be a stepping stone in the ventures of the club.My wishes to the club members and the trainers Sri: K. Unni Krishnan and Smt : S.Sreelekha.*

With regards

S. K. Aniyan Sasthaparampil

Manager

H. S. S. Muthukulam



S .SURESH KUMAR

HEADMASTER

H. S MUTHUKULAM



SINDU.I

PRINCIPAL

H.S.S. MUTHUKULAM



JOHN VARGHESE

PRINCIPAL

V.H.S.S.MUTHUKULAM



K.BABUKUTTAN
P.T.A.PRESIDENT

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും ഹൈടെക്ക് സ്കൂൾ പദ്ധതിയുടെയും ഭാഗമായി കുട്ടികളിൽ ഐസിടി അധിഷ്ഠിത പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് വേണ്ടി രൂപംകൊടുത്ത പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. കഴിഞ്ഞ ഒരു വർഷമായി നടത്തിവരുന്ന ലിറ്റിൽ കൈറ്റ്സ് പാഠ്യപദ്ധതിയിലൂടെ ഹൈടെക് രീതിയിലുള്ള പഠനപ്രവർത്തനങ്ങളിൽ കുട്ടികൾ വളരെയേറെ പുരോഗതി കൈവരിച്ചു. കുട്ടികളിലെ സർഗ്ഗവാസനകൾക്ക് പുത്തനുണർവ് നൽകാനായി ലിറ്റിൽ കൈറ്റ്സ് രൂപംനൽകിയ "ചിറകുകൾ" എന്ന ഈ മാഗസിൻ സവിനയം നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. ഈ സംരംഭത്തിൽ ഞങ്ങളോടൊപ്പം ചേർന്ന് പ്രവർത്തിച്ച കൂട്ടുകാരോടും അധ്യാപകരോടും ഞങ്ങൾക്കുള്ള അകമഴിഞ്ഞ നന്ദി അറിയിക്കട്ടെ.

സ്നേഹപൂർവ്വം സാരംഗ്.യു ,ഗോകുൽ വിശ്വം

**ഉള്ളടക്കം**

1 ജനനീ ജന്മഭൃമിശ്ച

2 **വിലയറിയാത്ത മാതൃസ്നേഹം**

3 *എന്നും നിനക്കായി ഞാൻ*

*4* പരിസ്ഥിതി സംരക്ഷണം

*5 Friendship*

*6* तितली

*7 മലയാള പഴഞ്ചൊല്ലുകൾ*

8 school news

9 ആസുരം

10 എൻറെ വിദ്യാലയം

11 പ്രാർത്ഥന

# ജനനീ ജന്മഭൂമിശ്ച

ഒരു ഗ്രാമത്തിൽ ഒരു അച്ഛനുമമ്മയും അവരുടെ ഏക മകനും ഉണ്ടായിരുന്നു. ഏകമകൻ ആയിരുന്നതിനാലും ഏറെ നാളത്തെ കാത്തിരിപ്പിനൊടുവിൽ കിട്ടിയ പൊന്നോമന ആയിരുന്നതിനാലും അച്ഛനുമമ്മയും അവന് ഉണ്ണി എന്ന ഒരു ഓമനപ്പേര് നൽകി .ആ ദമ്പതികളുടെ ഒരേ ഒരു ആഗ്രഹമായിരുന്നു തൻറെ മകനെ രാജ്യം സംരക്ഷിക്കുന്ന ധീരയോദ്ധാക്കൾ ഒരുവൻ ആക്കണമെന്ന്. അങ്ങനെ ഇരിക്കെ നേവി പഠന ആവശ്യത്തിനായി അവൻ കാശ്മീരിലേക്ക് യാത്ര തിരിച്ചു. അച്ഛനെയും അമ്മയുടെയും കാൽതൊട്ടുവന്ദിച്ചു അമ്മയിൽനിന്ന് ഒരു മുത്തം വാങ്ങിയുമാണ് അവൻ യാത്രതിരിച്ചത്. നാളുകൾക്കു ശേഷം അവൻ മടങ്ങിവന്നപ്പോൾ തൻറെ വീടിന് മുന്നിൽ ഒരു ആൾക്കൂട്ടം അവൻ ശ്രദ്ധിച്ചു. ചെറിയ ഉദയത്തോടെ അവൻ വീടിൻറെ പടികയറി വെള്ള പുതപ്പിച്ച ശരീരങ്ങൾ തൻറെ വീടിനകത്ത് കിടത്തിയിരിക്കുന്നത് അവൻ കണ്ടു. വൈകാതെ തന്നെ അത് തൻറെ അച്ഛനുമമ്മയും ആണെന്ന് അവൻ മനസ്സിലാക്കി. വാഹനാപകടത്തിലാണ് തൻറെ അച്ഛനും അമ്മയും മരണപ്പെട്ടതെന്ന് അടുത്ത നിന്നവരുടെ സംഭാഷണത്തിൽ നിന്നും അവൻ തിരിച്ചറിഞ്ഞു. അച്ഛനെയും അമ്മയുടെയും മുമ്പിൽ മുട്ടുകുത്തിയിരുന്ന് ആ മകൻ വിതുമ്പി അമ്മയുടെ കൈകളിൽ പിടിച്ച് അവൻ തേങ്ങൽ അടക്കി പറഞ്ഞു ഞാൻ പോകുന്നതിനു മുൻപ് എനിക്ക് തന്ന ഉമ്മ അമ്മ എനിക്ക് തന്ന അവസാനത്തെ സമ്മാനം ആയിരുന്നല്ലോ അമ്മേ... അത് അറിഞ്ഞിരുന്നെങ്കിൽ ഞാൻ അവൻ വിതുമ്പി ഒടുവിൽ ആ അമ്മയുടെയും അച്ഛനെയും ചിതയെരിയുന്നു അതിനരികിൽ അവൻ തേങ്ങലോടെ നിന്നു. തനിക്ക് പ്രിയപ്പെട്ടവരെ ആണല്ലോ അഗ്നി വിഴുങ്ങുന്ന എന്നോർത്ത് അവർ വിതുമ്പി ആ ചിതയിൽ നോക്കി ആ മകൻ പറഞ്ഞു അമ്മേ ഒരു മുത്തം കൂടി. അവൻ തേങ്ങി പെട്ടന്ന് തൻറെ അച്ഛനുമമ്മയും ആകാശത്ത്

നക്ഷത്രങ്ങളായി രൂപപ്പെട്ടത് പോലെ അവന് തോന്നി അവൻറെ അച്ഛനും അമ്മയും പറയുന്നത് എന്നപോലെ അവൻറെ മനം മന്ത്രിച്ചു. നീ കരയരുത്. കളയാനുള്ളതല്ല നിൻറെ ജീവിതം. നിനക്ക് നിൻറെ അമ്മയെ നഷ്ടപ്പെട്ടെങ്കിൽ നിനക്ക് ഒരമ്മ കൂടി ഉണ്ട്, ഭാരതം. നീ നിൻറെ ഭാരതാംബയെ സംരക്ഷിക്കു. നിൻറെ മാതാപിതാക്കളുടെ സ്വപ്നം പോലെ നിൻറെ സ്വപ്നം പോലെ നീ നിൻറെ സൈനികൻ ആകാനുള്ള ലക്ഷ്യം സാക്ഷാത്കരിക്കും....
അങ്ങനെ അവൻ തൻറെ മനസ്സിൽ ഒരു ഉറച്ച തീരുമാനമെടുത്തു. രാജ്യത്തെ സംരക്ഷിക്കുക. ഒടുവിൽ അവൻറെ മാതാപിതാക്കളുടെ സ്വപ്നം പോലെ അവൻ സൈനികനായി. അവനൊരു വിവാഹം കഴിച്ചു ഏറെ നാളുകൾ കഴിഞ്ഞ യുദ്ധത്തിനിടയിൽ അവൻ ഒരു സന്തോഷ വാർത്ത അറിഞ്ഞു അവൻ ഒരു കുഞ്ഞ് ജനിച്ചു എന്ന്. അവൻറെ അച്ഛനെയും അമ്മയെയും ഒരുനിമിഷം അവനോർത്തു. ഒരു തേങ്ങലോടെ അല്ലാതെ നാൾ ഇരുവരെയും അവൻ അവരെ ഓർത്തില്ല. തൻറെ കുഞ്ഞിനെ ഒന്നു കാണാൻ പോകാൻ അവനു കഴിഞ്ഞില്ല. തൻറെ കുഞ്ഞിനെ ഒരു നോക്കു കാണാൻ പോകുമ്പോൾ ആയിരിക്കും കാണാൻ പോകുമ്പോൾ ആയിരിക്കും ചിലപ്പോൾ പാകിസ്ഥാൻ ഭീകരർ ആക്രമണത്തിനായി വരുന്നത് എന്നായിരുന്നു. അവൻറെ ചിന്ത മുഴുവനും. അങ്ങനെയിരിക്കെ അവന് നാട്ടിലേക്ക് പോകുവാനുള്ള അവസരം ഒത്തുവന്നു. നാട്ടിലേക്ക് തിരിക്കുന്നതിനിടയിൽ ആയിരുന്നു അവൻ ആ വാർത്തയറിഞ്ഞത് . പാകിസ്ഥാൻ ഭീകരർ അതിഭീകരമായ വെടിവെപ്പ് അതിർത്തിയിൽ നടത്തുന്നുവെന്ന്. അവൻറെ സഹപ്രവർത്തകരിൽ ഭൂരിഭാഗം പേരും അപ്പോഴേക്കും മരണമടഞ്ഞിരുന്നു. നാട്ടിലേക്ക് തിരിക്കാൻ ആയിരുന്നെങ്കിലും അവൻ ചിന്തിച്ചു അതിർത്തിയിൽ അതിഭീകരമായ വെടിവെപ്പും യുദ്ധവും നടക്കുമ്പോൾ ഒഴിഞ്ഞു മാറിനിൽക്കുകയോ നാട്ടിലേക്ക് തിരിക്കുന്നവനോ അല്ലാ സൈനികൻ. അതിനെതിരെപോരാടുന്നവനാണ്സൈനികൻ. തന്നെ കാത്ത് നാട്ടിൽ ഇരിക്കുന്ന ജീവിതപങ്കാളിയെയോ തൻറെ കുഞ്ഞിനെ കുറിച്ചോ ഒന്നും ഓർക്കാതെ അവൻ ആ യുദ്ധകളത്തിലേക്ക് ഇറങ്ങി. അവനെ പോലെ തന്നെ നാട്ടിലേക്ക് തിരിക്കാൻ ഇരുന്ന കുറച്ചു സൈനികർ കൂടി അവൻറെ ഒപ്പമുണ്ടായിരുന്നു. അവരുടെ അമ്മയായ

ഭാരതത്തെ രക്ഷിക്കാൻ വേണ്ടി അവർ ഒറ്റക്കെട്ടായി പാക്കിസ്ഥാൻ ഭീകരർക്കെതിരെ യുദ്ധം നടത്തി. ഈ സമയം നാട്ടിൽ തൻറെ കുഞ്ഞിനെയും മടിയിലിരുത്തി ഉണ്ണിയെ കാത്തിരിക്കുകയായിരുന്നു അവൻറെ ജീവിതപങ്കാളി അപ്പോഴും ഇതേ സമയം അതിർത്തിയിൽ ഇന്ത്യൻ സൈനികൻ പാക്കിസ്ഥാൻ ഭീകരരിൽ നിരവധി പേരെയും വധിച്ചിരുന്നു. അതിനിടയിൽ ഒരു പാകിസ്താൻ ഭീകരൻ വെടിയേറ്റ ഉണ്ണി യുദ്ധക്കളത്തിൽ വീണു അപ്പോഴും അവൻ ധൈര്യം കൈവിട്ടില്ല . അതിഭയങ്കരമായ വേദനയിലും അവൻ എഴുന്നേൽക്കാൻ ശ്രമിച്ചു. എന്നാൽ അവനെ വിധി തട്ടിയെടുക്കാൻ പോകുകയാണെന്ന് അവന് മനസിലായി. രക്തം വാർന്ന് അവന് യുദ്ധക്കളത്തിൽ വീണു. യുദ്ധക്കളത്തിലെ ഒരുപിടി മണ്ണുമായി അവൻ കൈ ഉയർത്തി പിടിച്ചു പറഞ്ഞു. '' ഭാരത് മാതാ കീ ജയ്'' സൈനികർ ചേർന്ന് അവനെ ആശുപത്രിയിലെത്തിച്ചെങ്കിലും അവൻറെ ജീവൻ നിലച്ചിരുന്നു. അങ്ങനെ ആ വീര യോദ്ധാവിനെ മിഴികൾ അടഞ്ഞു. സൈനികർ ചേർന്ന് അവൻറെ മൃതശരീരം നാട്ടിലെത്തിച്ചു. തൻറെ പ്രിയതമനെ വീടിനകത്ത് ദേശീയ പതാകയിൽ പുതപ്പിച്ച് ദൃശ്യം കണ്ടു തൻറെ കുഞ്ഞിനെ മാറോടുചേർത്ത് ആ പെൺപക്ഷി തേങ്ങി. തൻറെ പ്രിയതമനെ കയ്യിലേക്ക് കൊടുക്കാൻ സാധിച്ചില്ലല്ലോ എന്ന് പറഞ്ഞ് തൻറെ കുഞ്ഞിനെ അവൻറെ അച്ഛനെ കാണിച്ചുകൊടുത്തത് അവൾ തേങ്ങി. എങ്കിലും അവൾ ആശ്വസിച്ചു .തൻറെ പ്രിയതമൻ കയ്യെത്താദൂരത്തേക്ക് മറഞ്ഞെങ്കിലും തനിക്ക് ഒരു പൊന്നോമനയെ സമ്മാനിച്ചിട്ട് ആണല്ലോ പോയതെന്ന് അവൾ ആശ്വസിച്ചു. എന്നാൽ തനിക്ക് ദൈവം തന്ന പരീക്ഷണത്തിൽ ഒരിക്കലും ഞാൻ തോൽക്കില്ല എന്നും തൻറെ കുഞ്ഞി ലൂടെ തൻറെ പ്രിയതമനെ വീണ്ടെടുക്കുമെന്നും അവനെ ഒരു സൈനികൻ ആക്കുമെന്നും അവൾ ഉറച്ച തീരുമാനമെടുത്തു. ഇത് ഒരു കഥ മാത്രം എന്നാൽ നമ്മുടെ സമൂഹത്തിൽ നടക്കുന്ന വയൽ ഒന്നാണ് ഇത്. നിരഞ്ജന സാമും അങ്ങനെ എത്രയോ ധീര ജവാന്മാരുടെ രക്തം വീണ മണ്ണാണ് നമ്മുടെ ഭാരത മണ്ണ്. ഒന്ന് അറിഞ്ഞ് സ്പർശിച്ചാൽ അറിയാം അവരുടെ രക്തക്കറ എത്രയോ ധീര ജവാന്മാരുടെ വേർപാടിൽ ദുഃഖിച്ച് കഴിയുന്ന എത്രയോ കുടുംബങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ട് .

അൽപനേരം നമുക്ക് അവരെ ഓർക്കാനും മാറ്റിവയ്ക്കാം. ഒപ്പം നമ്മുടെ രാജ്യത്തിൻറെ സംരക്ഷണത്തിനായി അതിർത്തിയിൽ കാവൽ നിൽക്കുന്ന ധീര യോദ്ധാക്കൾക്ക വേണ്ടിയും എല്ലാ ധീര ജവാന്മാർക്കും രാജ്യത്തിനുവേണ്ടി ബലിയാടായ ധീരജവാന്മാർക്ക് എൻറെ ഒരു കോടി പ്രണാമങ്ങൾ.....

# വിലയറിയാത്ത മാതൃസ്നേഹം

മാതൃ സ്നേഹത്തിൻ വിലയറിയുന്നു ഞാൻ
പേറ്റുനോവിൻ വില അറിയുന്നു ഞാൻ
എന്നോമലുണ്ണിയെ കണ്ട നേരം തന്നെ
അമ്മയെ ഒരു നോക്കു കാണാൻ കൊതിച്ചുപോയി
ജീവനുതുല്യം സ്നേഹിച്ച താണെന്നെ
എന്നിട്ടും ഞാനമ്മയെ തള്ളിപ്പറഞ്ഞു
എന്നമ്മ എന്നോട് കഥകൾ ചൊല്ലി
പേറ്റുനോവിന്റെ കഥയും പറഞ്ഞു
അന്നതെല്ലാം കെട്ടുകഥയാണെന്ന്
മനസാക്ഷിയില്ലാത്ത ഞാൻപറഞ്ഞു

അമ്മയെ ഒരു നോക്കു കാണാൻ പോയപ്പോൾ
കയ്യെത്താ ദൂരത്തേക്ക് അമ്മ മറഞ്ഞു
നാളെയെന്നുണ്ണി യും ഇങ്ങനെ ചൊല്ലിയാൽ
അമ്മയെ നോവിച്ച ശിക്ഷയാകാമ ത്
സ്വർഗത്തിൽ ഇരുന്ന് കൊണ്ട് എപ്പൊ ഴുംഇപ്പോഴും
അമ്മ വാത്സല്യം ചെലുത്തിയിട്ടും
അമ്മ എന്നരികിൽ ഒന്നുവന്നിരുന്നെങ്കിൽ
ആയിരംമാപ്പുകൾ കാൽക്കൽ വച്ചീടാം

ഗൗതമി.സി എസ് 8 A

*എന്നും നിനക്കായി ഞാൻ*

**എൻറെ ഹൃദയത്തിൽ വിരിഞ്ഞ ആദ്യ പുഷ്പമേ**
**നീ എന്നിൽ നിന്ന് അടർന്നുപോയ നാൾ**
**എൻ ജീവിതമേ അർത്ഥശൂന്യ മായീ**
**ഒരിക്കൽക്കൂടി നീ എന്നിൽ വിരിയൂ ആത്മ നാഥാ**
**നീ എന്നിൽ വിരിയൂ ,വീണ്ടും അപ്പോൾ**
**ഞാൻ നിന്നിലെന്നും ജീവിക്കും**
**ഒരു കൊച്ചു പൂമ്പാറ്റയായി**
**എന്നിൽ വിരിയും ആദ്യ പുഷ്പമേ നീ**

**എൻറെ ഹൃദയത്തിൽ നിന്നും അടർന്നുപോയ നാൾ**
**ഞാൻ എൻറെ മരണമായി കരുതുന്നു**
**എന്നിൽനിന്നും അകന്നു പോകരുതേ**
**എൻ ജീവശ്വാസമേ**
**നീയെന്നിൽ ഒരു നറു തേനായി മാറു**

**ആദിത്യ സുരേഷ് ജി 8C**

## പരിസ്ഥിതി സംരക്ഷണം

ഭൂമിയും ജീവജാലങ്ങളും അന്തരീക്ഷവും തമ്മിലുള്ള സമൈക്യമാണ് പരിസ്ഥിതി. മണ്ണും, ഭൂമിയും, അന്തരീക്ഷവും, വായുവും, ജലവും, പ്രകൃതിവിഭവങ്ങളും, മനുഷ്യരും, പക്ഷിമൃഗാദികളും, സസ്യങ്ങളുമെല്ലാം പ്രത്യേക അനുപാതത്തിൽ ഉൾക്കൊള്ളുന്ന ഒന്നാണ് പരിസ്ഥിതി എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത്. ഇതിൽ ഏതെങ്കിലും ഘടകത്തിനുണ്ടാകുന്ന പ്രതികൂലമായ സാഹചര്യം പരിസ്ഥിതിയെ ദോഷകരമായി ബാധിക്കും.
പ്രകൃതിയെയും പ്രകൃതിവിഭവങ്ങളെയും ദുരുപയോഗം ചെയ്യും

ഭൂമിയും ജലവും അന്തരീക്ഷവും യാതൊരു തത്വദീക്ഷയുമില്ലാതെ മലിനപ്പെടുത്തിയും മനുഷ്യൻ പരിസ്ഥിതിയെ തകർത്തുകൊണ്ടിരിക്കുകയാണ്. പരിസ്ഥിതിക്കുണ്ടാകുന്ന ചെറിയ വ്യത്യാസം പോലും വലിയ ഭീഷണികൾക്ക് ഇടയാക്കും. പ്രപഞ്ചത്തിന് നിലനിൽപ്പുപോലും പരിസ്ഥിതിയെ ആശ്രയിച്ചാണ്. ഇന്ന് പരിസ്ഥിതിയുടെ നാശത്തിന് ആക്കാം വർധിച്ചിരിക്കുകയാണ് ഇത് ഉയർത്തുന്ന ഭീഷണിയാണ് പ്രകൃതി സംരക്ഷണത്തിലേക്ക് വിരൽചൂണ്ടുന്നത് പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ചിന്തിക്കാനും അതിനായി പ്രവർത്തിക്കാനും പുതിയ തലമുറയെ പ്രേരിപ്പിച്ചിട്ടുണ്ട് പ്രധാന ഘടകവും ഇതാണ്. വൻതോതിലുള്ള വന വനനശീകരണം വ്യവസായശാലകൾ ജലമലിനീകരണം വായുമലിനീകരണം മണ്ണൊലിപ്പ് മനുഷ്യൻ നടത്തുന്ന പ്രകൃതിയുടെയും പ്രകൃതിവിഭവങ്ങളുടെയും വൻതോതിലുള്ള ചൂഷണം തുടങ്ങി നിരവധി കാരണങ്ങളാണ് പരിസ്ഥിതിയുടെ നാശത്തിന് കാരണമായിട്ടുള്ളത് ഇതിന് ഉദാഹരണമാണ് പസഫിക് സമുദ്രത്തിൽ സ്ഥിതിചെയ്യുന്ന വെറും 21 ചതുരശ്ര സെൻറീമീറ്റർ മാത്രം വിസ്തൃതിയുള്ള നൗറു എന്ന ദ്വീപ് നിറയെ പച്ചപ്പുള്ള ഈ ദ്വീപ് ഒരിയ്ക്കൽ നിരവധി ദേശാടനപ്പക്ഷികളുടെ അഭയകേന്ദ്രം ആയിരുന്നു എന്നാൽ ഇന്ന് നാവോറു ഒരു തരിശുഭൂമി യാണ് ദ്വീപിലെ വിഭവങ്ങളെ തുടച്ചുനീക്കപ്പെട്ടു എങ്ങും പവിഴപ്പുറ്റുകൾ മാത്രമാണ് നൗറു വിജനമായ ഭൂമിയായി മാറി. എന്തുകൊണ്ട്ധാതു വിഭവ ത്താൽ സമ്പന്നമാ ണ്നൗറു1888 ജർമ്മനി അവിടെ കോളനി സ്ഥാപിച്ചു ഫോസ്ഫേറ്റ് കളഞ്ഞു തുടങ്ങിയതോടെദ്വീപിന്റെ ദുരവസ്ഥ തുടങ്ങി. ഒന്നാം ലോകമഹായുദ്ധാനന്തരം ബ്രിട്ടൻ ഓസ്ട്രേലിയ ന്യൂസിലൻഡ് എന്നീ രാജ്യങ്ങളും അവിടെ ഖനനം ആരംഭിച്ചു. ഫോസ്ഫേറ്റ് ഖനനത്തിലൂടെ നൗറു സമ്പന്നമായ മാറി. എന്നാൽ അമിതമായ ഫോസ്ഫേറ്റ് ഖനനം അവിടുത്തെ സസ്യാവരണം ഇല്ലാതാക്കി. അതോടെ പക്ഷികളും ജന്തുക്കളും ഒക്കെ നാമാവശേഷമായി.

പരിസ്ഥിതി തന്നെ മാറി. ഫോസ്ഫേറ്റ് നിക്ഷേപവും അധികം താമസിയാതെ ഇല്ലാതെയായി. അങ്ങനെ നൗറു ഒരു ദരിദ്ര രാജ്യമായി മാറി. അതുപോലെ മനുഷ്യൻറെ അമിതമായ വിഭവചൂഷണം കാരണം ഡോഡോ എന്ന പക്ഷി ഭൂമുഖത്ത് നിന്ന് തന്നെ ഇല്ലാതായി. ഇവയെ മാംസത്തിന് വേണ്ടിയാണ് മനുഷ്യൻ ഇല്ലാതാക്കിയത്.

അങ്ങനെ 1972 ജൂണിൽ സ്റ്റോക്ക് ഹോമിൽ നടന്ന പരിസ്ഥിതിയെക്കുറിച്ചുള്ള ഐക്യരാഷ്ട്രസഭയുടെ സമ്മേളനത്തിൽ ഇന്ത്യയുടെ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി നടത്തിയ പ്രസംഗം ഐക്യരാഷ്ട്ര സഭയെ ജൂൺ 5 പരിസ്ഥിതി ദിനമായി ആചരിക്കാനുള്ള തീരുമാനത്തിൽ എത്തിച്ചു. അങ്ങനെ പരിസ്ഥിതിയെ സംരക്ഷിക്കാനും ഒരുദിവസം വന്നെത്തി. എന്നിട്ടും മനുഷ്യർ പ്രകൃതിയെ ഉപദ്രവിക്കുകയാണ്. സമഗ്രവും സമീകൃതവുമായ പ്രപഞ്ച ജീവിത ഘടന അറിഞ്ഞോ അറിയാതെയോ മനുഷ്യർ താളം തെറ്റിക്കുമ്പോൾ ഉണ്ടാകുന്ന വിപത്ത് എത്രയെന്ന് മുൻകൂട്ടി കാണാനാകില്ല. സമ്പാദനത്തിനായി പ്രകൃതിയെ ചൂഷണം ചെയ്യുന്നതിനെതിരെ ഉണർന്നു പ്രവർത്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്ന ഈ ക്രൂരതകൾ നിർത്തിയില്ലെങ്കിൽ 2020 ആകുമ്പോഴേക്കും ഇപ്പോഴുള്ള വനഭൂമിയുടെ പകുതി മാത്രമേ ഭൂമിയിൽ അവശേഷിക്കൂ എന്ന പഠനങ്ങൾ തെളിയിക്കുന്നു.

പരിസ്ഥിതിയുടെ നാശം പ്രകൃതിയുടെയും ജീവജാലങ്ങളുടെയും അതുവഴി മനുഷ്യരാശിയുടെയും നാശത്തിന് ഇടയാക്കുമെന്ന ബോധം പുതിയ തലമുറയിൽ ഉറപ്പിക്കണം. ഇത് പ്രപഞ്ചത്തിന്റെ നിലനിൽപ്പിന് അനിവാര്യമാണ്.

പ്രകൃതിയാണ് നമ്മുടെ അമ്മ. അമ്മയെ സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടേയും കടമയാണ്.

പ്രകൃതിയെ സംരക്ഷിക്കൂ.....ജീവൻ രക്ഷിക്കൂ.......

# *Friendship*

*Friendship is a relation of mutual affection between two or more people.It is one of the most precious gift of life.A person who has true friends in life is lucky enough.Friendship makes life thrilling.Friendship is indeed  an assent in life.It can lead us to success or to doom.It depends on how we choose our friends.*

*True friendship is a feeling of love.Sharing and caring.*
*Friendship is both good and necessary.A man cannot pass his days all alone.In the company of friends,people pass their cheerfully.They are many valuable things in life,but friendship may be one of the most important.*
*Good friends are wonderful.They support you and help you.They make you laugh and feel good.True are fortunate indeed to have true and sincere friends.*

By

Sonali John

## तितली

मेरी प्यारी तितली
ऊंचे उठो मेरी तितली
मेरी प्यारी प्यारी तितली
अलग रंगो वाली तितली
बहुत बहुत सुंदर है
मेरी प्यारी प्यारी तितली

# *മലയാളം പഴഞ്ചൊല്ലുകൾ*

പഴഞ്ചൊല്ലിൽ പതിരില്ല

അധികമായാലമൃതവുംവിഷം

അനച്ചവെള്ളത്തിൽചാടിയ പൂച്ച പച്ചവെള്ളംകണ്ടാലറയ്ക്കും

അണ്ണാന്ന ആനയോളം വാപൊളിക്കാമൊ-

അണ്ണാൻകുഞ്ഞിനെമരംകേറ്റംപഠിപ്പിക്കെണമൊ

സ്വരം നല്ലപ്പോഴെ പാട്ടു നിർത്തികളയണം-

സൂക്ഷിച്ചാൽ ദുഃഖിക്കെണ്ടാ

സംസർഗ്ഗജാദോഷഗുണാഭവന്തി

സ്വരമുള്ളപ്പോൾ താളംവരാ, താളമുള്ളപ്പോൾ സ്വരംവരാ

പാമ്പും കുഞ്ഞിനു പാൽ കൊടുത്തു വളർത്തും പോലെ

പാപി ചെല്ലുന്നേടം പാതാളം

പിള്ളമനസ്സിൽ കള്ളമില്ല-

പുകഞ്ഞകൊള്ളി പുറത്ത്-

പാമ്പും കുഞ്ഞിനു പാൽ കൊടുത്തു വളർത്തും പോലെ

പാക്കായാൽ മടിയിൽ വെയ്ക്കാം കമുങ്ങായാലോ

പഴമ്പിലാവിലവീഴുമ്പോൾ പച്ചപ്പിലാവില ചിരിക്കെണ്ട-

# എൻറെ വിദ്യാലയം

മുത്തു കുളത്തിനു മുത്തായി മാറിയ സരസ്വതി ക്ഷേത്രം എൻ വിദ്യാലയം
ആ തിരുമുറ്റത്തു പാറിപ്പറന്നൊരാ ബാല്യം എൻ ജീവിത പുണ്യകാലം
എത്ര മഹാരഥർക്കറിവിൻ വെളിച്ചം തെളിയിച്ചതാണീ വിദ്യാലയം
ആ തിരുമുറ്റത്തറിവു പകർന്നിടാൻ വീണ്ടുമെത്താനായതെന്തു പുണ്യം.

-എച്ച്എസ് മുതുകുളം ഗണിത അധ്യാപിക ലതാ എസ് ഗീതാഞ്ജലി


ഹൈസ്കൂൾ മുതുകുളം
പൂർവവിദ്യാർഥി സംഗമം
2019 ജനുവരി 26 10am
contact 9400524333
9446294938 9447348964
പങ്കെടുക്കുക.......



# ആസുരം (കവിത)

സുരേഷ് മണ്ണാറശാല

മലയിടിച്ചു പുഴ നികത്തി മണ്ണു കീഴടക്കി
അതിരിറക്കിക്കായലൊക്കെ കാർന്നെടുത്തു മെല്ലെ.
മരമറുത്തു തണലകറ്റി പണമിരക്കുവോർ തൻ നടുവിൽ നിന്നു നമ്മളെന്തു പ്രകൃതി സ്നേഹം കാട്ടും ?
വല നിറഞ്ഞു പിട പിടയ്ക്കു മാറ്റമീൻ കിനാക്കൾ വഴുതി വീണു മുതിയടഞ്ഞു കരിയഴുക്കുചാലിൽ
മുലകുടിച്ച മിഴി തുറിച്ച ബുദ്ധിരാക്ഷസന്മാർ
കഴുക ദൃഷ്ടിയോടെ ദൂരെ നെറി മറന്നുപാറി
തുടുതുടുത്ത പൂക്കളാകെ പല നിറത്തിൽ മിന്നി
മണവുമറ്റു മധുവു മറ്റു കാഴ്ചവസ്തുവായി.
കദനമേറി പുഴകളാർ ത്തലയ്ക്കുവാൻ തുടങ്ങി
പഴയ കാല പുണ്യതീർത്ഥമലി വുതേടിപ്പോയി
കടലുതാണ്ടിക്കാഴ്ച കാണാൻ പരതി വന്ന മക്കൾ
കറുകറുത്ത കണ്ടലിന്റെ ഇടയിൽ വീണൊ ടുങ്ങി
കവിത മൂളി കണ്ണിമയ്ക്കും താരകങ്ങൾ വാനിൽ
മലിന മേഘമറകൾ തീർത്ത തടവറയിൽ വിങ്ങി.
കറയൊലിച്ച കാവിൽ നിന്ന നാട്ടു മാവിൻ കൊമ്പിൽ
ഇല മറച്ചു കൊലവിളിച്ചു പടരുമിത്തിൾക്കണ്ണി
മഴവെട്ടുത്തു വന മൊതുക്കി അധിനിവേശ ശക്തി
മലമുഴക്കി മനമടക്കി മൗനരാഗമായി.
കുളിരു തന്ന കാട്ടിലുള്ളൊരമൃതു വള്ളിയൊക്കെ
തളിരു മാറ്റി മുളയൊടിച്ചു കുടില മന്ത്രവാദം.


മുടി മുറിച്ചു പുള്ളി കുത്തിയവമതിച്ച കുന്നിൻ
മുകളിൽ നിന്ന ക്രൗര്യമാകെയെരി പൊരിച്ചസൂര്യൻ.
കുരള കേട്ടു വഴി മറന്ന ഭരണഭക്ത വൃന്ദം
കൊടിയ ശാപമേറ്റു വാങ്ങി ബലി കൊടുത്തു മാനം .
ഇവിടെയില്ല പഴയകാല സൗഹൃദക്കടന്ന
ഇവിടെയില്ല നന്ദനന്ദത്ത സഹജ സ്നേഹ ഗീതം.
പ്രകൃതി തന്ന വരമതൊക്കെയാർത്തിയോടെ വാങ്ങി
പകരമായി തീ പറത്തി ഭസ്മമാക്കിയെല്ലാം.
പ്രകൃതി യാത്മരോഷമോടെയലറിനെഞ്ചുരുക്കി
പ്രതികരിക്കു മുടനെയെന്ന പ്രവചനം മുഴക്കി .

## പ്രാർത്ഥന

സൂര്യ കിരണത്തിൻ പൊൻപ്രഭ ഏൽക്കുമീ അഖിലാണ്ഡമണ്ഡലം ആകെ നിറയുന്ന
ദിവ്യ പ്രകാശമേ നമിക്കുന്നു നിന്നെ ദിനവും പ്രതീക്ഷയിൽ പുലരുമീ ഞങ്ങൾ
അറിവും വെളിച്ചവും ഏകി നീ ഞങ്ങൾതൻ അകതാരിൽ എന്നും വിളയാടി നിൽക്കണേ
കനിവോടെ നിത്യവും കാത്തരുളീടണേ കര കമലത്തിൽ വിജയമായീടണേ.
മാതാപിതാ ഗുരു ദൈവമീ മന്ത്രം ഞങ്ങൾ തൻ ഉള്ളത്തിൽ കുടിയിരിക്കേണമേ
ഓരോരോ വാക്കിലും നോക്കിലും നിറയണേ കനിവിന്റെ മായാത്ത മഞ്ഞുതുള്ളി

-എച്ച്എസ് മുതുകുളം ഗണിത അധ്യാപിക ലതാ എസ് ഗീതാഞ്ജലി




BLACK_POINT./

# THANKS